എ.വൈ.ആർ


സൂറ-10

# യൂനുസ്

يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ
وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٥٧﴾

قُلْ بِفَضْلِ ٱللَّهِ وَبِرَحْمَتِهِۦ فَبِذَٰلِكَ فَلْيَفْرَحُوا۟ هُوَ خَيْرٌ مِّمَّا يَجْمَعُونَ
﴿٥٨﴾

قُلْ أَرَءَيْتُم مَّآ أَنزَلَ ٱللَّهُ لَكُم مِّن رِّزْقٍ فَجَعَلْتُم مِّنْهُ
حَرَامًا وَحَلَٰلًا قُلْ ءَآللَّهُ أَذِنَ لَكُمْ ۖ أَمْ عَلَى ٱللَّهِ تَفْتَرُونَ ﴿٥٩﴾

وَمَا ظَنُّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ يَوْمَ ٱلْقِيَٰمَةِ ۗ إِنَّ ٱللَّهَ لَذُو فَضْلٍ
عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَهُمْ لَا يَشْكُرُونَ ﴿٦٠﴾

**57** അല്ലയോ മർത്യരേ, നിങ്ങൾക്കിതാ വിധാതാവിങ്കൽനിന്നുള്ള ഉപദേശം വന്നുകിട്ടിയിരിക്കുന്നു. അതു മനോദോഷങ്ങൾക്കുള്ള ശമനമാകുന്നു; കൈക്കൊള്ളുന്നവർക്ക് സന്മാർഗദർശകവും അനുഗ്രഹവുമാകുന്നു.

**58** പ്രവാചകൻ അവർക്കു പറഞ്ഞു കൊടുക്കുക: അല്ലാഹുവിന് നിങ്ങളോടുള്ള ഔദാര്യത്താലും കാരുണ്യത്താലുമാണിതയച്ചുതരുന്നത്. അതിനാൽ ഇതിന്റെ ആഗമനത്തിൽ ജനം സന്തോഷിക്കേണ്ടതാകുന്നു. അവർ ശേഖരിച്ചു കൊണ്ടിരിക്കുന്ന സകലവിഭവങ്ങളെക്കാളും വിശിഷ്ടമാണിത്.

**59** അവരോടു ചോദിച്ചു നോക്കുക: അല്ലാഹു നിങ്ങൾക്ക് ഇറക്കിത്തന്ന വിഭവങ്ങളെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടോ? അതിൽ ചിലതിനെ നിങ്ങൾ നിഷിദ്ധവും ചിലതിനെ ഹിതകരവുമാക്കുന്നു. ചോദിക്കുക: ഇങ്ങനെ ചെയ്യാൻ അല്ലാഹുവാണോ നിങ്ങൾക്ക് അനുമതി തന്നത്? അതോ നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ?

**60** അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ അന്ത്യനാളിലെ അവസ്ഥയെക്കുറിച്ച് എന്താണ് വിചാരിക്കുന്നത്?! അല്ലാഹു മനുഷ്യരോട് ഏറെ ഔദാര്യമുടയവൻതന്നെയാകുന്നു. പക്ഷേ അധികജനവും നന്ദികാട്ടുന്നില്ല.

يَٰٓأَيُّهَا ٱلنَّاسُ= അല്ലയോ മർത്യരേ قَدْ جَآءَتْكُم= (കിട്ടിയിരിക്കുന്നു) തീർച്ചയായും നിങ്ങൾക്ക് വന്നു مَّوْعِظَةٌ= ഉപദേശം
مِّن رَّبِّكُمْ= നിങ്ങളുടെ വിധാതാവിങ്കൽനിന്ന് وَشِفَآءٌ= (അത്) ശമനവുമാകുന്നു
لِّمَا فِى ٱلصُّدُورِ= (മനോ ദോഷങ്ങൾക്ക്) മാറിടങ്ങളിലുള്ളതിന് وَهُدًى= സന്മാർഗദർശകവുമാകുന്നു
وَرَحْمَةٌ= അനുഗ്രഹവും കാരുണ്യവുമാകുന്നു لِّلْمُؤْمِنِينَ= (അത് കൈക്കൊള്ളുന്നവർക്ക്) വിശ്വാസികൾക്ക്
قُلْ= (പ്രവാചകൻ അവർക്ക് പറഞ്ഞുകൊടുക്കുക) പറയുക
بِفَضْلِ ٱللَّهِ= ഔദാര്യത്താലാകുന്നു (ന്ന് നിങ്ങളോടുള്ള) അല്ലാഹുവിന്റെ (ഇതയച്ചുതന്നത്)
وَبِرَحْمَتِهِۦ= അവന്റെ കാരുണ്യത്താലുമാകുന്നു فَبِذَٰلِكَ= അതുകൊണ്ട് (അതിനാൽ ഇതിന്റെ ആഗമനത്തിൽ)
فَلْيَفْرَحُوا۟= (ക്കേണ്ടതാകുന്നു) അവർ സന്തോഷിക്കട്ടെ هُوَ= അ(ഇ)ത് خَيْرٌ= വിശിഷ്ടമാകുന്നു
مِّمَّا يَجْمَعُونَ= (സകലവിഭവങ്ങളെക്കാളും) അവർ ശേഖരിക്കുന്നതിനെക്കാൾ قُلْ= (അവരോടു ചോദിച്ചു നോക്കുക) നീ പറയുക

أَرَءَيْتُم = നിങ്ങൾ കണ്ടി(ചിന്തിച്ചുനോക്കിയി)ട്ടുണ്ടോ مَّآ أَنزَلَ ٱللَّهُ لَكُم = അല്ലാഹു നിങ്ങൾക്ക് ഇറക്കിയ(ക്കിത്തന്ന)തിനെക്കുറിച്ച്
مِّن رِّزْقٍ = വിഭവങ്ങളാൽ فَجَعَلْتُم = എന്നിട്ട് നിങ്ങൾ ആക്കുന്നു مِّنْهُ = അതിൽനിന്ന്(ചിലതിനെ) حَرَامًا = നിഷിദ്ധം
وَحَلَٰلًا = (ചിലതിനെ)ഹിതകരവും قُلْ = പറയുക(ചോദിക്കുക) ءَآللَّهُ = അല്ലാഹുവാണോ
أَذِنَ لَكُمْ = നിങ്ങൾക്ക് അനുമതി തന്നത്(ഇങ്ങനെ ചെയ്യാൻ) أَمْ = അതല്ല, അതോ عَلَى ٱللَّهِ = അല്ലാഹുവിന്റെ പേരിൽ
تَفْتَرُونَ = നിങ്ങൾ കള്ളം കെട്ടിച്ചമക്കുന്നുവോ وَمَا = എന്താണ് ظَنُّ = ഭാവന (വിചാരിക്കുന്നത്) ٱلَّذِينَ يَفْتَرُونَ = കെട്ടിച്ചമക്കുന്നവർ
عَلَى ٱللَّهِ = അല്ലാഹുവിന്റെ മേൽ ٱلْكَذِبَ = കള്ളം يَوْمَ ٱلْقِيَٰمَةِ = (അന്ത്യ)ഉയിർത്തെഴുന്നേൽപ്പുനാളി(ലെ അവസ്ഥയെ)നെക്കുറിച്ച്
إِنَّ ٱللَّهَ = തീർച്ചയായും അല്ലാഹു لَذُو فَضْلٍ = ഔദാര്യമുടയവൻ തന്നെയാകുന്നു عَلَى ٱلنَّاسِ = മനുഷ്യരോട്
وَلَٰكِنَّ = പക്ഷേ أَكْثَرَهُمْ = അവരിൽ അധികം(ജനവും) لَا يَشْكُرُونَ = നന്ദികാട്ടുന്നില്ല

**57,58:** കഴിഞ്ഞ 37-ാം സൂക്തം മുതൽ അവിശ്വാസികൾ മുഹമ്മദീയ പ്രവാചകത്വത്തെ തള്ളിപ്പറയുകയും ഖുർആൻ മുഹമ്മദ് നബി സ്വയം കെട്ടിച്ചമച്ചതാണെന്ന് ആരോപിക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണല്ലോ സംസാരിച്ചു വരുന്നത്. ആരോപണങ്ങൾ ശക്തിയുക്തം ഖണ്ഡിച്ച ശേഷം ഖുർആൻ യഥാർഥത്തിൽ എന്താണെന്ന് വിശദീകരിക്കുകയാണിവിടെ. മുമ്പിലുണ്ടായിരുന്ന വിശ്വാസികളെയോ അവിശ്വാസികളെയോ മാത്രമല്ല, എക്കാലത്തുമുള്ള എല്ലാ മനുഷ്യരെയും സംബോധന ചെയ്തുകൊണ്ട് അല്ലാഹു അരുൾ ചെയ്യുകയാണ്: ഈ ഖുർആൻ മനുഷ്യർക്കായി അല്ലാഹു അവതരിപ്പിക്കുന്ന ഉപദേശം (مَّوْعِظَةٌ) ആകുന്നു. ഉപദേശം, ഉപദേശിക്കപ്പെടുന്ന കാര്യം എന്നാണ് مَّوْعِظَةٌ ന്റെ അർഥം. ഉപദേശകൻ എന്ന അർഥത്തിൽ واعظ എന്നു പറയും. ഉപദേശിക്കുക എന്ന ക്രിയയുടെ നാമമാണ് وعظ. ഈ അർഥത്തിലാണ് മതപ്രസംഗകനെ واعظ എന്നും മതപ്രസംഗത്തെ وعْظ എന്നും പറയുന്നത്. ഒരാൾക്ക് അയാളെക്കാൾ അറിവും പദവിയുമുള്ളവരിൽനിന്ന് ലഭിക്കുന്ന നിർദേശമാണ് ഉപദേശം. നിർദേശം തന്നെയാണ് വസിയ്യത്തും (وصيّة). അത് തന്നിൽ താഴ്ന്നവരിൽനിന്നും ഉണ്ടാകും. പുത്രന് പിതാവിനോടും വേലക്കാരന് യജമാനനോടും വസിയ്യത്തു ചെയ്യാം. അവർ രണ്ടു പേരും ഉപദേശിക്കാറില്ല. വസിയ്യത്ത് പലപ്പോഴും അത് ലഭിക്കുന്നയാളിന്റെ ബാധ്യതയായിത്തീരുന്നു. ഉപദേശം സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. വസിയ്യത്ത് അധികവും അതു ചെയ്യുന്നയാളിന്റെ താൽപര്യത്തിനുവേണ്ടിയായിരിക്കും. ഉപദേശം എപ്പോഴും അത് ലഭിക്കുന്നയാളിന്റെ താൽപര്യത്തിനുവേണ്ടിയായിരിക്കും. ഇതാണ് موعظة ഉം وصيّة ഉം തമ്മിലുള്ള വ്യത്യാസം. മനുഷ്യന്റെ ഇഹലോക ജീവിതവും പരലോക ജീവിതവും സഫലമാകുന്നതിനുള്ള ധർമോപദേശമാണ് ഖുർആൻ. നന്മയേത് തിന്മയേത്, ധർമമേത് അധർമമേത്, സ്വർഗത്തിലേക്കുള്ള വഴിയേത് നരകത്തിലേക്കുള്ള വഴിയേത് എന്നെല്ലാം അത് വ്യക്തമായി ഉപദേശിക്കുന്നു. ഈ ഉപദേശത്തെ അല്ലാഹുവിലേക്ക് ചേർക്കുന്നതിനു പകരം വിധാതാ -ربّ- വിലേക്ക് ചേർത്തു പറഞ്ഞത് ശ്രദ്ധേയമാണ്. ആരാധ്യൻ എന്ന അർഥമാണ് ഇലാഹിൽ മുഴച്ചുനിൽക്കുന്നത്. ആരാധ്യന്ന് പ്രസക്തമായിട്ടുള്ളത് ആരാധനയാണ്. റബ്ബ് മുഖ്യമായി വ്യഞ്ജിപ്പിക്കുന്നത് പരിപാലകൻ, സംരക്ഷകൻ എന്ന അർഥത്തെയാണ്. പരിപാലകനും സംരക്ഷകനും തന്നെയാണ് തന്റെ പരിപാലനത്തിലും സംരക്ഷണത്തിലുമുള്ളവരുടെ നന്മ തിന്മകളെക്കുറിച്ച് ഏറെ അറിയുന്നവൻ. അതിനാൽ മനുഷ്യൻ സ്വീകരിക്കാൻ ഏറ്റവും കടപ്പെട്ടതാണ് റബ്ബിങ്കൽ നിന്നുള്ള ഉപദേശം.

شِفَآءٌ ആണ് രണ്ടാമത്തെ വിശേഷണം. മൗലികമായ അർഥത്തിൽ രോഗശമനമാണ് شِفَآءٌ. പ്രയോഗത്തിൽ ഈ പദം എല്ലാതരം പീഡകളുടെയും ശമനത്തെ കുറിക്കുന്നു. مَا فِى ٱلصُّدُورِ നെയാണ് 'മനോദോഷങ്ങൾ' എന്നു വിവർത്തനം ചെയ്തിട്ടുള്ളത്. 'മാറിടങ്ങളിലുള്ളത്' എന്നാണ് ഭാഷാർഥം. شِفَآءٌ ന്റെ അർഥം പരിഗണിച്ചുകൊണ്ട് 'മനോരോഗങ്ങൾ' എന്നും തർജമ ചെയ്യാം. മനസ്സ് കാമക്രോധ ലോഭ മോഹാദികളുടെ ഇരിപ്പിടമാണ്. അവയെല്ലാം മനുഷ്യ പ്രകൃതിയുടെ ഭാഗമാണ്. എല്ലാം മിതമായ തോതിൽ മനുഷ്യന് ആവശ്യമാണ്. പക്ഷേ അമിതമായാൽ എല്ലാം മനോരോഗങ്ങളും ദോഷങ്ങളുമായി മാറുന്നു. ഈ രോഗങ്ങൾക്കുള്ള കൈകണ്ട ശമനൗഷധമാണ് ഖുർആൻ. അതു നമ്മെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നു. ജന്മത്തിന്റെ ശരിയായ ലക്ഷ്യവും മാർഗവും കാണിച്ചുതരുന്നു. ഭൗതിക ജീവിതത്തിന്റെ ക്ഷുദ്രതയും ക്ഷണികതയും ബോധ്യപ്പെടുത്തുന്നു. ഈ ജ്ഞാനം അതിരുവിട്ട എല്ലാ രോഗദോഷങ്ങളെയും ശമിപ്പിക്കുന്നു. നൈരാശ്യത്തിന്റെയും ദുഃഖത്തിന്റെയും കയത്തിലകപ്പെടുമ്പോൾ ഖുർആൻ എടുത്തു പാരായണം ചെയ്തു നോക്കുക. ദിവ്യമായ ഒരു സാന്ത്വനം നമ്മെ വന്നു മൂടും. ഖുർആൻ സൂക്തങ്ങൾ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പുതിയ കിരണങ്ങൾ നമ്മുടെ മുമ്പിൽ പ്രസരിപ്പിക്കും. സങ്കീർണമായ പ്രശ്നങ്ങളിൽ തീരുമാനമെടുക്കാനാവാതെ മനംമുട്ടുമ്പോഴും ഖുർആൻ തുറന്നു വായിച്ചുനോക്കുക. അതിന്റെ ഉപദേശങ്ങളും നിർദേശങ്ങളും ശരിയായ ഒരു തീരുമാനത്തിലേക്ക് നമ്മെ നയിക്കും. അന്ധവിശ്വാസങ്ങളും അമിതമായ ഭൗതികാസക്തികളുമാണ് ആളുകളുടെ ഏറ്റവും വലിയ രോഗം. അവയെത്തന്നെയാണ് ഖുർആൻ മുഖ്യമായി ചികിത്സിക്കുന്നത്. ഖുർആൻ شِفَآءٌ ആകുന്നത് വ്യക്തിജീവിതത്തിനു മാത്രമല്ല; സമഷ്ടി ജീവിതത്തിനും അത് ശമനൗഷധമാണ്. വ്യക്തികൾ അന്ധവിശ്വാസങ്ങളിൽനിന്നും അമിതാസക്തികളിൽനിന്നും മുക്തരാകുമ്പോൾ സമൂഹം സംഘർഷമുക്തമാകും. വ്യക്തികൾ ലക്ഷ്യബോധമുള്ളവരും സച്ചരിതരുമാകുമ്പോൾ സമൂഹത്തിൽ ക്ഷേമവും സമാധാനവും സംജാതമാകും.

هدى സന്മാർഗദർശകം ആണ് മൂന്നാമത്തെ വിശേഷണം. ഖുർആനിൽ വിശ്വസിക്കുന്നതിന്റെ ഐഹികമായ ഫലമാണ്, ജീവിതത്തിലുടനീളം അത് സത്യത്തിലേക്കും ധർമത്തിലേക്കുമുള്ള വഴികാട്ടിയായി വർത്തിക്കും എന്നുള്ളത്. ആ സന്മാർഗം പിന്തുടരുന്നതിന്റെ പാരത്രികഫലമാണ് മരണാനന്തര ജീവിതത്തിൽ അല്ലാഹു ചൊരിഞ്ഞു കൊടുക്കുന്ന അനന്തമായ കാരുണ്യം. സ്വർഗീയ ജീവിതവുമാണ് നാലാമത്തെ ഗുണമായ رحمة ന്റെ പരാമർശത്തിലൂടെ സൂചിപ്പിക്കുന്നത്.

ഖുർആന്റെ ഉപരിസൂചിത ഗുണങ്ങൾ അനുഭവപ്പെടുക അതിൽ വിശ്വസിക്കുന്നവർക്കു മാത്രമാണ്. അതിനെ വ്യാജവേ

ദമായും മനുഷ്യകൃതിയായും കാണുന്നവർക്ക് അതിന്റെ ഗുണങ്ങളൊന്നും അനുഭവിക്കാൻ കഴിയില്ല.

പക്ഷേ ആളുകൾ ഇതൊന്നും മനസ്സിലാക്കാതെ ഈ വേദത്തെ തള്ളിക്കളയുകയാണ്. ഖുർആന്റെ ഗുണങ്ങൾ ഇതൊക്കെയാണെന്നും അല്ലാഹുവിന് അവന്റെ ദാസന്മാരോട് ഔദാര്യവും കാരുണ്യവുമുള്ളതുകൊണ്ടാണ് അവൻ ഇതവതരിപ്പിച്ചു തന്നതെന്നും പ്രവാചകൻ അവർക്കു പറഞ്ഞുകൊടുക്കണം. അതിനാൽ യഥാർഥത്തിൽ ഈ ഖുർആനെ സഹർഷം സ്വാഗതം ചെയ്യുകയും പിന്തുടരുകയുമാണ് അവർ ചെയ്യേണ്ടത്. വാസ്തവത്തിൽ അവർക്ക് ഈ ലോകത്ത് വാദിക്കാൻ കഴിയുന്ന ഏതു നേട്ടത്തെക്കാളും വിലപ്പെട്ടതും മഹത്തരവുമായിട്ടുള്ളതാണ്; ഈ വേദത്തിൽനിന്നു ലഭിക്കുന്ന മാർഗദർശനം.

قُلْ بِفَضْلِ ٱللَّهِ...... എന്ന വാക്യത്തിന്, അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ലഭിച്ചവർ മാത്രമേ ഇതിൽ വിശ്വസിക്കൂ എന്നും അർഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ആ അനുഗ്രഹവും കാരുണ്യവും സിദ്ധിച്ചവർ സന്തുഷ്ടരായിക്കൊള്ളട്ടെ എന്ന് فَبِذَٰلِكَ فَلْيَفْرَحُوا۟ എന്ന വാക്യത്തിനും അർഥം കൽപിക്കുന്നു. രണ്ടാശയങ്ങളെയും സാധൂകരിക്കുന്നതാണ് വാക്യത്തിലെ പദങ്ങൾ. فَلْيَفْرَحُوا۟ എന്ന വാക്യത്തിന്, ഈ ലോകത്ത് സന്തോഷിക്കണമെന്നുള്ളവർ അല്ലാഹുവിന്റെ ഈ അനുഗ്രഹവും കാരുണ്യവും കൈക്കൊണ്ട് സന്തോഷിക്കട്ടെ എന്നും അർഥം നൽകപ്പെട്ടിട്ടുണ്ട്.

**59:** പ്രഭാഷണം വീണ്ടും 50-ാം സൂക്തം മുതൽ പരാമർശിച്ചു വരുന്ന അന്ത്യനാളിലേക്കും ഉയിർത്തെഴുന്നേൽപിലേക്കും പ്രവാചകന്റെ സത്യം സ്ഥിരപ്പെടുത്തുന്നതിലേക്കും തിരിയുകയാണ്. സൂക്തത്തിന്റെ സാരമിതാണ്: നിങ്ങൾ നേരെചൊവ്വെ കാര്യങ്ങൾ മനസ്സിലാക്കാത്തതെന്താണ്? ജീവിത വിഭവങ്ങളെല്ലാം ഒരുക്കിത്തരുന്നത് മൗലികമായി സാക്ഷാൽ അല്ലാഹു തന്നെയാണെന്ന് നിങ്ങൾ സമ്മതിക്കുന്നു. എങ്കിൽ അവയിൽ ഹിതകരമായത് ഏത് അഹിതകരമായത് ഏത്, നല്ലതേത്, ചീത്തയേത്, അവയെ എങ്ങനെ സമീപിക്കണം എന്നെല്ലാം കൽപിക്കാനുള്ള അവകാശവും അധികാരവും അല്ലാഹുവിനു തന്നെയല്ലേ ഉണ്ടായിരിക്കേണ്ടത്? അവൻ അവതരിപ്പിച്ച നിയമങ്ങളും നിർദേശങ്ങളുമല്ലേ പിന്തുടരേണ്ടത്? പക്ഷേ നിങ്ങൾ ചെയ്യുന്നതോ? സ്വേഛാനുസാരം ഹിതാഹിതങ്ങളും നന്മതിന്മകളും നിശ്ചയിക്കുന്നു. എന്നിട്ട് ചിലർ അതിനൊക്കെ അല്ലാഹു തങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു എന്നു വാദിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുക, പൂജാദികർമങ്ങൾ നടത്തുക അത്രയേ ദൈവം അവകാശപ്പെടുകയും ആവശ്യപ്പെടുകയും ചെയ്യുന്നുള്ളൂ. അതിനപ്പുറമുള്ള ജീവിത വ്യവഹാരങ്ങളിലെല്ലാം നിയമങ്ങളുണ്ടാക്കാനും ഹിതാഹിതങ്ങൾ നിശ്ചയിക്കാനും മനുഷ്യർക്ക് സ്വാതന്ത്ര്യവും അധികാരവുമുണ്ട്. ദൈവത്തിന് അതിലൊന്നും കാര്യമില്ല. വാസ്തവത്തിൽ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ സ്വയം പങ്കാളിയായി ചമയലാണിത്. ചിലർ അവരുടെ സ്വയംകൃത നിയമങ്ങളും വ്യവസ്ഥകളും ബഹുദൈവത്വ സങ്കൽപവുമായി കൂട്ടിയിണക്കിക്കൊണ്ട് വാദിക്കുന്നു, ദേവീദേവന്മാർ അവതാരങ്ങളിലൂടെയും പുരോഹിതന്മാരിലൂടെയും ഉപദേശിച്ച നിയമങ്ങളും ചട്ടങ്ങളുമാണിത്. തങ്ങൾക്കു വേണ്ട നിയമങ്ങളുപദേശിക്കാൻ അല്ലാഹു ദേവീദേവന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഞങ്ങൾ പിന്തുടർന്നുവരുന്ന ഈ നിയമങ്ങൾ അല്ലാഹുവിന്റെ നിയമങ്ങൾ തന്നെയാണ്. സൂറ *അൽമാഇദ* 103-ാം സൂക്തത്തിലും സൂറ *അൽഅൻആം* 143,144 സൂക്തങ്ങളിലും, ആഹാര വിഷയത്തിൽ വിഗ്രഹാരാധകർ ദൈവിക ശരീഅത്ത് എന്ന വ്യാജേന ആചരിച്ചു വന്ന ചില നിയമങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

ഹിതാഹിതങ്ങൾ നിശ്ചയിക്കാൻ അവർക്കോ അവരുടെ ആരാധ്യർക്കോ പുരോഹിതന്മാർക്കോ അല്ലാഹു അനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിനവർ തെളിവ് കാണിക്കേണ്ടതാണ്. അങ്ങനെ യാതൊരു തെളിവും അവരുടെ കൈവശമില്ല. പ്രവാചകവര്യന്മാരും വേദങ്ങളും പഠിപ്പിച്ചിട്ടുള്ളത് സൃഷ്ടികളോട് ധർമമനുശാസിക്കാനുള്ള അധികാരം സ്രഷ്ടാവിനു മാത്രമാണെന്നാണ്. ഇഷ്ടമുള്ള നിയമങ്ങൾ നിർമിക്കാൻ അല്ലാഹു സൃഷ്ടികൾക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു, അല്ലെങ്കിൽ സൃഷ്ടികളോട് നിയമങ്ങളനുശാസിക്കാൻ അവൻ ഉപദൈവങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നും പറയുന്നത് അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമക്കുന്ന കള്ളം മാത്രമാണെന്നാണിതിനർഥം.

**60:** അല്ലാഹുവിന്റെ പേരിൽ കള്ളം പറയുക അതീവ ഗുരുതരമായ അപരാധമാണ്. ഇവിടെ, 'അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ അന്ത്യനാളിനെക്കുറിച്ച് എന്താണ് വിചാരിക്കുന്നത്' എന്നു ചോദിച്ച് അതിനു മറുപടി പറയാതെ അവസാനിപ്പിക്കുന്നത് വക്താവിന് അക്കാര്യത്തിലുള്ള ക്രോധത്തെയും അതിന്റെ ഗൗരവത്തെയുമാണ് സൂചിപ്പിക്കുന്നത്. ഒരുവൻ തന്റെ പ്രതിയോഗിയോട് തന്റെ തിരിച്ചടിയെക്കുറിച്ച് 'എന്താ നിന്റെ വിചാരം?' എന്നോ, 'കോടതി കയറിയാൽ എന്തായിരിക്കും സ്ഥിതിയെന്നറിയാമോ?' എന്നൊക്കെ ചോദിക്കുന്നതുപോലെയാണിത്. വിചാരണ നാളിൽ അത്തരം കുറ്റവാളികൾക്കു നേരെയുള്ള അല്ലാഹുവിന്റെ കോപം സങ്കൽപങ്ങൾക്കും അവൻ വിധിക്കുന്ന ശിക്ഷ വാക്കുകൾക്കും അതീതമാകുന്നു. ഈ മഹാപരാധത്തെ ഇന്നിവർ നിസ്സാര കാര്യമായി കരുതുന്നുവെങ്കിൽ, അന്ത്യനാളിൽ അതിന്റെ യഥാർഥ ഗൗരവവും ഭയാനകമായ അനന്തരഫലവും അവർ അറിയുക തന്നെ ചെയ്യും.

അപരാധത്തിന്റെ ഗൗരവം പരിഗണിക്കുമ്പോൾ ഇപ്പോൾ തന്നെ അല്ലാഹുവിന് അവരുടെ കഥകഴിക്കാവുന്നതേയുള്ളൂ. അവൻ നൽകിക്കൊണ്ടിരിക്കുന്ന ജീവിത വിഭവങ്ങൾ ഒന്നു വിലക്കുകമാത്രമേ അതിനു വേണ്ടതുള്ളൂ. പക്ഷേ അപരാധം ചെയ്തവരെ ഉടനടി പിടിച്ചു ശിക്ഷിക്കാൻ തക്കം പാർത്തിരിക്കുന്നവനല്ല അല്ലാഹു. അവൻ തന്റെ സൃഷ്ടികളോട് ഏറെ കാരുണ്യവും ഔദാര്യവുമുള്ളവനാണ്. ഏതു മഹാപാപം ചെയ്തവർക്കും അത് പരിഹരിക്കാൻ അവൻ അവസരമരുളുന്നു. പാപങ്ങളിൽനിന്ന് പിന്തിരിയുകയും സ്വയം സംസ്കരിക്കുകയും ചെയ്യുന്നവർക്ക് എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നു. إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ (അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. ഏറ്റം പൊറുക്കുന്ന പരമകാരുണികൻ തന്നെയാണവൻ). അതുകൊണ്ട് അവൻ സൃഷ്ടികളെ പെട്ടെന്ന് നശിപ്പിക്കുകയോ ജീവിത വിഭവങ്ങൾ തടഞ്ഞ് പീഡിപ്പിക്കുകയോ ചെയ്യുന്നില്ല. പക്ഷേ അധിക ജനവും അല്ലാഹുവിന്റെ ഈ കാരുണ്യത്തിനും ഔദാര്യത്തിനും അർഹിക്കുന്ന പരിഗണന നൽകുകയോ നന്ദി പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല. മഹാപരാധികൾക്ക് ആയുസ്സ് നീട്ടിക്കൊടുക്കുന്നതും ശിക്ഷകൾ മാറ്റിവെക്കുന്നതും പാപങ്ങളിൽനിന്നും ശിക്ഷകളിൽനിന്നും കരകേറാൻ അല്ലാഹു ദയാപൂർവം അനുവദിക്കുന്ന അവസരമായി കാണാനേ അവർക്കു കഴിയുന്നില്ല. തങ്ങളുടെ ആയുർദൈർഘ്യവും ആരോഗ്യവുമൊക്കെ ദൈവം തങ്ങളുടെ ചെയ്തികൾ അംഗീകരിച്ചതിന്റെ തെളിവുകളായി കണ്ട് കൂടുതൽ ധാർഷ്ട്യത്തോടെ അത്തരം ചെയ്തികൾ തുടങ്ങുകയാണവർ ചെയ്യുന്നത്. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള ഔദാര്യത്തെ മഹാദൗർഭാഗ്യമാക്കി മാറ്റുകയാണവർ. ■